# പതിന്നാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 328** **04.06.2018-ൽ മറുപടിക്ക്**

**<u>മാലിപ്പുറം സി.എച്ച്.സി</u>**

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | മാലിപ്പുറം സി.എച്ച്.സി യിൽ നിലവിൽ എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്ന് വ്യക്തമാക്കാമോ; | (എ) മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 5 ഡോക്ടർമാരുടെ തസ്തികയാണ് നിലവിലുള്ളത്. 3 അസിസ്റ്റന്റ് സർജന്മാരും 2 സിവിൽ സർജന്മാരും. എല്ലാ തസ്തികകളിലും ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്. |
| (ബി) | ഹൗസ് സർജൻമാരുടെ സേവനം ഈ ആശുപത്രിയിൽ ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര പേരുടെയെന്നും രാത്രികാല സേവനമുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) 3 മുതൽ 7 വരെ ഹൗസ് സർജന്മാർ 15 ദിവസം മാറി മാറി പബ്ലിക് ഹെൽത്ത് (പ്രതിരോധ പ്രവർത്തനങ്ങൾ, കുത്തിവെയ്പ്, ഫീൽഡ് പ്രവർത്തനം) പരിശീലനത്തിനായി എത്തുന്നുണ്ട്. ഹൗസ് സർജന്മാരുടെ സേവനം രാത്രി 8 മണി വരെ ലഭിക്കുന്നുണ്ട്. |
| (സി) | കിടത്തിച്ചികിത്സ സംവിധാനമുള്ള മാലിപ്പുറം സി.എച്ച്.സി യിൽ ഹൗസ് സർജന്മാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തി രാത്രി കാലങ്ങളിലും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജിനെക്കൂടാതെ 7 ഡോക്ടർമാരുടെ സേവനം ഉണ്ടെങ്കിൽ മാത്രമേ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നൽകാൻ സാധിക്കുകയുള്ളൂ. ഒരു സൂപ്പർവൈസർ മെഡിക്കൽ ഓഫീസറുടെ കീഴിൽ മാത്രമേ നിലവിലെ നിയമമനുസരിച്ച് ഹൗസ് സർജന്മാരെ രാത്രികാല സേവനത്തിന് നിയോഗിക്കാനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ